നിങ്ങളുടെ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക! നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിസ്സാരമാക്കാതിരിക്കാൻ നിങ്ങൾക്ക് ഏറ്റവും അനുയോജ്യമായത്

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറയുന്നു: "നിങ്ങളുടെ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക! നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിസ്സാരമാക്കാതിരിക്കാൻ നിങ്ങൾക്ക് ഏറ്റവും അനുയോജ്യമായത്."
[صحيح] [متفق عليه]

ഐഹികജീവിതത്തിന്റെ കാര്യങ്ങളിൽ തനിക്ക് താഴെയുള്ളവരിലേക്കും തന്നേക്കാൾ കുറവുള്ളവരിലേക്കും നോക്കാൻ നബി -□- കൽപ്പിക്കുന്നു . സ്ഥാനമാനങ്ങളിലും സമ്പത്തിലും പദവികളിലും മറ്റുമെല്ലാം ഇപ്രകാരമാണ് ചെയ്യേണ്ടത് . ദുനിയാവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തനിക്ക് മുകളിലുള്ളവരിലേക്കും തന്നേക്കാൾ ശ്രേഷ്ഠരായവരിലേക്കും നോക്കരുത് എന്നും നബി -□- കൽപ്പിക്കുന്നു . കാരണം താഴെയുള്ളവരിലേക്ക് നോക്കുന്നത് അല്ലാഹു നിനക്ക് നൽകിയ അവന്റെ അനുഗ്രഹങ്ങളെ നിസ്സാരമാക്കുന്നതിൽ നിന്നും കുറവായി കാണുന്നതിൽ നിന്നും നിന്നെ സംരക്ഷിക്കാൻ ഏറ്റവും സഹായകവും അനുയോജ്യവുമാണ് .

http://www.sunnah.global/hadeeth/ml/show/5341